# എ.പി.ജെ.എസ്.എ
# എൽ.പി.സ്കൂൾ

**കോട്ടപ്പടി, കുന്നമ്പറ്റ.പി.ഒ**

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ആമുഖം

എ.പി. ജെ എസ് എ.എൽ.പി സ്കൂൾ എന്ന ഈ വിദ്യാലയം വൈത്തിരി താലൂക്കിൽ മേപ്പാടി പഞ്ചായത്തിലെ കോട്ടപ്പടി വില്ലേജിലാണ് സ്ഥിതി ചെയ്യുന്നത്. സ്കൂൾ സ്ഥിതി ചെയ്യുന്നത് പത്തൊൻപതാം വാർഡിലാണ്. ഫീഡിംഗ് ഏരിയ കുന്നമ്പറ്റ ആത്തിവയൽ,ഓട ത്തോട്, പുത്തൂർവയൽ, മാങ്ങവയൽ, എട്ടാം നമ്പർ, മൂപ്പൻകുന്ന്, സിത്താറാം വയൽ എന്നിവയാണ്.

## വിദ്യാലയ ചരിത്രം

1950 നവംബർ 29-ആം തീയ്യതിയാണ് അനന്തപത്മ ജെയിൻ സെർവ്വ് ഇന്ത്യ ആദിവാസി എൽ പി സ്കൂൾ എന്ന ഈ വിദ്യാലയം നിലവിൽ വന്നത്. കുന്നമ്പറ്റയിലെ ഒരു വാടകകെട്ടിടത്തിൽ 48 വിദ്യാർത്ഥികളുമായാണ് ഇത് ആരംഭിച്ചത്. ശ്രീ.കെ വേലായുധൻ മാസ്റ്റർ ഹെഡ്മാസ്റ്റർ ആയും ശ്രീ.മൊയ്തീൻ കുട്ടി മാസ്റ്റർ സഹാധ്യാപകനുമായാണ് ഈ സ്ഥാപനം ആരംഭിച്ചത്.

അങ്ങേയറ്റം പിന്നോക്കാവസ്ഥയിലായിരുന്ന അന്നത്തെ വയനാടിന്റെ സ്ഥിതി മെച്ചപ്പെടുത്താനായി വയനാടിന്റെ ശിൽപി എന്നറിയപ്പെടുന്നു ശ്രീ എം. കെ. ജിനചന്ദ്രൻ അവർകളും ആദിം ജാതി സേവാ സംഘം സെക്രട്ടറിയായിരുന്ന ശ്രീ എൽ എൻ റാവുവും ചേർന്ന് വയനാടിന്റെ വിവിധ ഭാഗങ്ങളിൽ തുടങ്ങിവെച്ച സ്കൂളുകളിൽ ഒന്നാണ്. ഇപ്പോൾ ശ്രീ.എം ജെ വിജയപത്മൻ അവർകളാണ് സ്കൂൾ മാനേജർ. ഈ സ്കൂൾ തുടങ്ങുവാനുള്ള എല്ലാ സാമ്പത്തിക ഭൗതിക സഹായങ്ങൾ നൽകിയത് കൂട്ടമുണ്ട അനന്തയ്യ ഗൗഡറും പദ്മയ്യ ഗൗഡറുമാണ്.

ഈ സ്ഥാപനത്തിന്റെ തുടക്കം മുതൽ എം കെ വേലായുധൻ മാസ്റ്റർ ഇരുപത് വർഷത്തോളം ഹെഡ്മാസ്റ്ററായി പ്രശസ്ത സേവനം നടത്തി. തുടർന്ന് ആലപുരം ശ്രീധരൻ മാസ്റ്റർ, ശ്രീമതി ട്രീസിൽവ, ശ്രീ സി ജോസ്, ശ്രീ കെ പി ലക്ഷ്മണൻ, ശ്രീമതി കെ ശാന്തകുമാരി, ശ്രീമതി.പി കെ വിജയലക്ഷ്മി എന്നിവർ പ്രധാനാധ്യാപകരായി സേവനമനുഷ്ഠിച്ചു.

## നിലവിലെ അവസ്ഥ

**അധ്യാപകർ-** **എണ്ണം - 5**

1. ശ്രീ എൻ കൃഷ്ണപ്രകാശ് (H.M)
2. ശ്രീമതി. ഷിജിത എം ആർ
3. ശ്രീമതി. ഗ്രീഷ്മ വിജയൻ
4. ശ്രീമതി. അനിത എം ഇ
5. ശ്രീമതി. ജമീല എം (FT അറബിക് )

പ്രീ പ്രൈമറി –ശ്രീമതി. റഫ്ന

ഈ അധ്യാപകരെല്ലാം 2 വർഷവും അതിൽ കൂടുതൽ വർഷവുമായി ഇതേ വിദ്യാലയത്തിൽ സേവനമനുഷ്ഠിക്കുന്നവരാണ്.

## 2025-26 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസിലെ കുട്ടികളുടെ എണ്ണം

| വിഭാഗം | PP | | | I | | | II | | | III | | | IV | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| കുട്ടികളുടെ എണ്ണം | B | G | T | B | G | T | B | G | T | B | G | T | B | G | T |
| | 9 | 3 | 12 | 7 | 5 | 12 | 4 | 6 | 10 | 12 | 8 | 20 | 5 | 7 | 12 |
| ആകെ | 12 | | | 12 | | | 10 | | | 20 | | | 12 | | |

സ്കൂളിലെ (1 to 4) ആകെ വിദ്യാർത്ഥികൾ=54

പ്രീ -പ്രൈമറിയിലുള്ള വിദ്യാർത്ഥികളുടെ എണ്ണം=12

## വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ

ഗുണമേൻമയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എത്തിക്കുക എന്നതാണ് വിദ്യാലയങ്ങൾ ലക്ഷ്യമാക്കുന്നത്. ഈ വിദ്യാലയത്തിൽ കൊഴിഞ്ഞുപോക്ക് തീരെയില്ലായിരുന്നു. പക്ഷേ കൂണുപോലെ മുളച്ചു വരുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ അതിപ്രസരം കുട്ടികളുടെ അഡ്മിഷൻ വർഷം തോറും കുറഞ്ഞ് വരുന്നതിന് കാരണമാകുന്നുണ്ട്, അത്തരത്തിലുള്ള ഒരു ഇംഗ്ലീഷ് മീഡിയം കുന്നമ്പറ്റ പ്രവർത്തനം ആരംഭിച്ചതോടെ ഈ സ്കൂളിലേക്കുള്ള കുട്ടികളുടെ എണ്ണം കുറയുകയും ചെയ്യുന്നു. കൂടാതെ ജനസംഖ്യാനുപാതത്തിൽ വർഷം തോറും സംഭവിച്ചുകൊണ്ടിരിക്കുന്ന കുറവ് കുട്ടികളുടെ അഡ്മിഷൻ കുറയാൻ കാരണമാകുന്നുണ്ട്. സ്കൂളിലേക്കുള്ള റോഡിന്റെ സ്ഥിതി വളരെ പരിതാപകരമായതിനാൽ കാൽ നടയാത്രപോലും ദുഷ്കര മായിരിക്കയാൽ ഇത്തവണയും കുട്ടികളെ സ്കൂളിൽ ചേർക്കാൻ രക്ഷിതാക്കൾ തയ്യാ റാകാത്ത ഒരു സ്ഥിതിയുണ്ട്. കുട്ടികളുടെ കുറവുമൂലം അധ്യാപകരെല്ലാവരും ചേർന്ന് സാമ്പത്തികമായി നല്ലൊരു തുക വാഹന സർവ്വീസിനായി മാറ്റി വെച്ചുകൊണ്ട് ഓട ത്തോട്, പുത്തൂർവയൽ, ആത്തിവയൽ, കുന്നമ്പറ്റ ഭാഗങ്ങളിൽ നിന്നും കുട്ടികളെ കൊണ്ടുവരുകയാണ്. കഴിഞ്ഞ 3 വർഷങ്ങളായി ചെയ്തു കൊണ്ടിരുന്നത്. എന്നാൽ കഴിഞ്ഞ വർഷം മുതൽ കുട്ടികളിൾ നിന്നും വളരെ തുച്ഛമായ തുക വാങ്ങുകയും അധികമായി വരുന്ന തുക അധ്യാപകർ എടുത്തുകൊണ്ടാണ് വാഹന സർവ്വീസ് നട ത്തുന്നത്. ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ കാരണം കഴിഞ്ഞ 3 വർഷത്തോളമായി കുട്ടികളുടെ കുറവ് വിദ്യാലയത്തിൽ അനുഭവപ്പെട്ടു.

സ്കൂൾ PRE - KER ബിൽഡിംഗ് ആയതിനാൽ ധാരാളം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. സ്കൂളിലെ എല്ലാ ക്ലാസ് മുറികളിലും മിനുസമായ തറ ആവശ്യമുണ്ട്. ആവശ്യത്തിന് ഫർണ്ണീച്ചർ ഇല്ല. സ്കൂൾ കോമ്പൗണ്ട് 2 ഏക്കർ ഉണ്ടെങ്കിലും ചുറ്റുമതിൽ ഇല്ലാത്തതിനാൽ സാമൂഹ്യവിരുദ്ധരുടെ നശീകരണ പ്രവർത്തനങ്ങൾ ഇടയ്ക്കിടെ നേരിടുന്നുണ്ട്. സ്കൂളിന് നല്ല പച്ചക്കറിത്തോട്ടം പൂന്തോട്ടം ഇവ ഇല്ല. ഉള്ളത് കുരങ്ങുകളും മറ്റ് മൃഗങ്ങളും സാമൂഹ്യവിരുദ്ധരും നശിപ്പിക്കുന്നുണ്ട്. വേലി ഇല്ല അധ്യാപകർ അവരുടെ കഴിവിനനുസരിച്ച് കൃഷി നടത്തുന്നുണ്ടെങ്കിലും അത് നിലനിർത്താൻ സാധിക്കുന്നില്ല.

**<u>പൊതുലക്ഷ്യങ്ങൾ</u>**

- ഗുണമേൻമയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക.
- സ്കൂളിന്റെ ക്യാച്ച്മെന്റ് ഏരിയയിലുള്ള മുഴുവൻ കുട്ടികളെയും സ്കൂളിലെത്തിക്കുക.
- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- കുട്ടികളുടെ അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ പ്രാപ്തരാക്കുക

**നിലവിലുള്ള നേട്ടങ്ങൾ**

1. മികച്ച അക്കാദമിക്ക് നിലവാരം
2. വിദ്യാർത്ഥി പ്രവേശനത്തിലെ വർദ്ധനവ്
3. കലാകായിക പ്രകടനങ്ങളിൽ മികച്ച നിലവാരം
4. മെച്ചപ്പെട്ട ഭൗതിക നിലവാരം
5. ഐ.ടി സാദ്ധ്യത ഉപയോഗപ്പെടുത്തൽ

## മലയാളം

**ആമുഖം**

വായിച്ചുവളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിനുവേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത്സംരംഭം. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളേയും മികച്ച വായനക്കാരനാവുക ഒപ്പം മികച്ച എഴുത്തുകാരനാക്കുക എന്ന ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെക്കൂടി മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചമാക്കി മാറ്റാൻ വേണ്ടി ഞങ്ങളുടെ വിദ്യാലയം ഏറ്റെടുത്ത് നടപ്പിലാക്കുന്ന തനതു പ്രവർത്തനം.

**ലക്ഷ്യങ്ങൾ**

- എല്ലാവർക്കും എഴുത്തും വായനയും
- എഴുത്തിലും വായനയിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക.
- കൂടുതൽ അറിയുവാനും ചിന്തിക്കുവാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുക.

- ലൈബ്രറി പ്രവർത്തനം പരിചയപ്പെടുത്തുക.
- വായനയിലൂടെ കുട്ടിയുടെ പഠനനിലവാരം മെച്ചപ്പെടുത്തുക.
- വായനക്കൂട്ടം, എഴുത്തുകൂട്ടം.
- ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി.
- ക്ലാസ്സ് സഭ, സ്കൂൾ സഭ, ബാലസഭ
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ദ്ധ്യം
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക.
- ദിനാചാരങ്ങളുമായി ബന്ധപ്പെട്ട വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.

**<u>മേഖല - ഭാഷ</u>**

**ഉപമേഖല**

*വായന

*ലേഖനം

*സർഗാത്മകത

*ശേഖരണം

**അക്കാദമിക പ്ലാൻ Short Term - മലയാളം**

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | Pre Test<br>*അക്ഷരം ഉറപ്പിക്കൽ അടയാളം ഉറപ്പിക്കൽ<br>*അക്ഷര കാർഡ് നൽകൽ.<br>*വാക്കുകൾ എഴുതിയ കാർഡ് | 2 Months August-September | പുസ്തകങ്ങൾ<br>CD<br>ICT | BRC<br>DIET<br>SCERT<br>PTA |
| | ശ്രദ്ധ | *വാക്കുകൾ നിർമ്മിക്കൽ<br>*വാക്യങ്ങൾ നിർമ്മിക്കൽ<br>*ചിത്രം - അടിക്കുറിപ്പ്<br>*ചിത്രം - കഥപറയൽ<br>*ചിത്രം - കഥ എഴുതൽ<br>*കഥ- ബാക്കി എഴുതൽ<br>*കഥാ പുസ്തകം നൽകൽ<br>*സിഡി-ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ.<br>*ഭാഷാപരമായി പിന്നോക്കം | 2 Months November - December | | BRC<br>IED<br>Trainer<br>PTA |

| | | | | | |
|---|---|---|---|---|---|
| | | നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്. | | | |

**അക്കാദമിക പ്ലാൻ Mid Term - മലയാളം**

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | *ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>*വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ.<br>*സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>*സമീപ ഗ്രന്ഥശാല അംഗത്വം<br>*വായനോത്സവം സംഘടിപ്പിക്കൽ.<br>*ദിനാചരണങ്ങൾ<br>*പത്രവായന<br>*അമ്മ വായന<br>*പുസ്തക ചർച്ച<br>*വായനാനുഭവം പങ്കുവെയ്ക്കൽ<br>*വായനാക്കുറിപ്പ് പതിപ്പ്<br>*വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം.<br>*ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ<br>*ആനുകാലിക പ്രസിദ്ധികരണങ്ങളും വായനയും<br>*വായനാ സാമഗ്രികൾ വികസിപ്പിക്കൽ.<br>*വായനക്കൂട്ടംമോണിറ്ററിംഗ്. | 6 Months | ക്ലാസ് ലൈബ്രറി.<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥ ശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനാ മുറി<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ | BRC<br>DIET<br>SCERT<br>PTA<br>ഗ്രന്ഥ ശാല<br>BRC |
| 2 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | *എഴുത്തുകൂട്ട രൂപീകരണം<br>*ആസ്വാദനക്കുറിപ്പ് പുസ്തകം<br>*ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>*എഴുത്തുകൂട്ടം മോണിറ്ററിംഗ്<br>*വ്യക്തിഗത രചന | | ലൈബ്രറി<br>പുസ്തകങ്ങൾ<br>ഫോട്ടോകൾ | BRC<br>DIET<br>SCERT<br>PTA<br>Teachers |

| | | | | | |
|---|---|---|---|---|---|
| | | *സംഘ രചന<br>*കഥാപൂരണം<br>*കവിതാ പൂരണം<br>*സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ. | 6 Months | സി.ഡി. | BRC |

**അക്കാദമിക പ്ലാൻ Long Term – മലയാളം**

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടേയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക | *ദിനാചരണങ്ങൾ<br>*ദിനാഘോഷങ്ങളുമായി ബന്ധപ്പെട്ട ക്വിസ്, പോസ്റ്റർ, രചന, വായന മത്സരം, ഉപന്യാസം, ചുമർ പത്രിക നിർമ്മാണം, പതിപ്പ് നിർമ്മാണം – സംഘടിപ്പിക്കൽ.<br>*വായനാമൂല ഒരുക്കൽ<br>*ലൈബ്രറി രൂപീകരണം<br>*പത്രവായന<br>*ബാലസഭ<br>*വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനങ്ങൾ.<br>*ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>*ഇ - വായന<br>*വായനാ സാമഗ്രികൾ വികസിപ്പിക്കൽ.<br>*ക്ലബ്ബ് പ്രവർത്തനങ്ങൾ | 1 Year | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>വായനാമുറി<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ | BRC<br>DIET<br>SCERT<br>PTA<br>ഗ്രന്ഥശാല<br>ക്ലബ്ബുകൾ<br>ടീച്ചേഴ്സ് |
| 2 | പത്രവായന | *വിവിധ പത്രങ്ങൾ<br>*ക്ലാസിൽ ലഭ്യമാക്കൽ<br>*പത്ര ക്വിസ്<br>*വാർത്ത തയ്യാറാക്കൽ<br>*പുതിയ അറിവു കണ്ടെത്തൽ<br>*വായന - എഴുത്ത്<br>*പത്രം തയ്യാറാക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ട് )<br>*ഇ - വായന | 1 Year | വിവിധ പത്രങ്ങൾ<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ<br>വായനാമുറി | സന്നദ്ധ സംഘടനകൾഏജൻസികൾ, ക്ലബ്ബുകൾ, ജന പ്രതിനിധികൾ പഞ്ചായത്ത്, നാട്ടുകാർ ടീച്ചേഴ്സ് |

| | | | | | |
|---|---|---|---|---|---|
| | | *അസംബ്ലിയിൽപത്രവായന. | | | |
| 3 | ശേഖരണം | *ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ശേഖരണ പ്രവർത്തനങ്ങൾ.<br>*സാഹിത്യകാരൻമാരുടെ ചിത്രങ്ങൾ, കുറിപ്പുകൾ, കഥകൾ, കവിതകൽ, കടങ്കഥ, പഴഞ്ചൊല്ലുകൾ, ശൈലികൾ, വായ്ത്താരികൾ, നാടൻ പാട്ടുകൾ, വിവിധ ചിത്രങ്ങൾ എന്നിവ ശേഖരിക്കൽ. | 1 Year | പുസ്തക പ്രസിദ്ധീ കരണ ങ്ങൾ പത്രങ്ങൾ ലൈബ്രറി ഇന്റർനെറ്റ് കമ്പ്യൂട്ടർ ഫോട്ടോ കൾ ചിത്രങ്ങൾ | BRC SSA DIET PTA<br>രക്ഷിതാക്കൾ<br>ടീച്ചേഴ്സ് |
| 4 | കുട്ടിയുടെ സർഗാത്മക മായ കഴിവു ക്ൾ കണ്ടെ ത്തൽ, വികസി പ്പിക്കൽ. | *സർഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>*വിവിധ സാഹിത്യ ശാഖ കൾ പരിചയപ്പെടൽ<br>*രചയിതാക്കളെ പരിചയപ്പെ ടൽ<br>*ബാലസഭ<br>*പൊതുവേദികളിൽ സംസാ രിക്കാനുള്ള കഴിവ്<br>*കലാസാഹിത്യവേദി പ്രവർത്തനങ്ങൾ<br>*ശാസ്ത്രമേള<br>*പ്രവൃത്തി പരിചയ മേള<br>*പതിപ്പു തയ്യാറാക്കൽ<br>*സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി<br>*കുട്ടികളുടെ സൃഷ്ടി പ്രദർശനം<br>*ദിനാചരണങ്ങൾ<br>*കഥാപൂരണം, കഥാപൂ രണം<br>*സിഡി പ്രദർശനം | 1 Year | പുസ്തക ങ്ങൾ<br>ലൈബ്രറി<br>കമ്പ്യൂട്ടർ<br>ഇന്റർനെറ്റ്<br>സിഡി.<br>ഓഡിറ്റോ റിയം | BRC<br>SSA<br>PTA<br>രക്ഷിതാ ക്കൾ<br>ടീച്ചേഴ്സ്<br>കലാകാ യിക പ്രവൃത്തി പരിചയ അദ്ധ്യാപ കർ. |

**തനതു പ്രവർത്തനം – മലയാളം**

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | കുട്ടിയെ മികച്ച വായനക്കാരനാ ക്കാൻ/ | *അക്ഷരം ഉറപ്പിക്കൽ, അട യാളങ്ങൾ ഉറപ്പിക്കൽ (ചിത്രങ്ങളുടെ സഹായ | 1 Year | ചിത്രങ്ങൾ അക്ഷര | BRC |

| | | | | | |
|---|---|---|---|---|---|
| | എഴുത്തുകാരനാക്കാൻ | ത്തോടെ)<br>*വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ. (അക്ഷരക്കാർഡുകളുടെ സഹായത്തോടെ)<br>*കഥ - ബാക്കി പറയൽ- എഴുതൽ.<br>*വായന-കുറിപ്പ് തയ്യാറാക്കൽ.<br>*സി ഡി പ്രദർശനം - ഓരോ ചിത്രത്തെയും കുറിച്ച് പറയാൻ/എഴുതാൻ അവസരം.<br>*ഭിന്നശേഷിക്കാരെ പരിഗണിച്ചുകൊണ്ട് പ്രത്യേകം പ്രവർത്തനങ്ങൾ.<br>*ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ | | കാർഡുകൾ<br>പുസ്തകങ്ങൾ<br>ഐ.സി.ടി<br>സി ഡി<br>വിവിധ പുസ്തകങ്ങൾ | SSA<br>DIET<br>രക്ഷിതാക്കൾ<br>അദ്ധ്യാപകർ<br>ഐഇഡി അദ്ധ്യാപകർ |
| 2 | | *ക്ലാസ് ലൈബ്രറി രൂപീകരിക്കൽ.<br>*സ്കൂൾ ലൈബ്രറി നവീകരണം<br>*ബർത്ത് ഡേ പുസ്തക ശേഖരണം<br>*വായനോത്സവം സംഘടിപ്പിക്കൽ<br>*പത്രവായന<br>വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ, പത്ര ക്വിസ്.<br>വാർത്ത തയ്യാറാക്കൽ<br>പുതിയ അറിവ് കണ്ടെത്തൽ -വായന- എഴുത്ത്.<br>*വായനാക്കുറിപ്പ് തയ്യാറാക്കൽ<br>*വിദ്യാരംഗം കലാ സാഹിത്യവേദി പ്രവർത്തനം.<br>*ക്ലാസ്, സ്കൂൾ ബാലസഭ രൂപീകരിക്കൽ. | | പുസ്തകങ്ങൾ<br>വിവിധ പത്രങ്ങൾ<br>വിദ്യാരംഗം കലാ സാഹിത്യ വേദി | SSA<br>DIET<br>രക്ഷിതാക്കൾ<br>വിവിധ ക്ലബുകൾ<br>നാട്ടുകാർ<br>രചയിതാക്കൾ<br>അദ്ധ്യാപകർ<br>സന്നദ്ധ സംഘടനകൾ |

| | | | | | |
|---|---|---|---|---|---|
| | | *ദിനാചരണങ്ങൾ (വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ - മത്സരങ്ങൾ) | | | |
| | | *ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>*എഴുത്തുകൂട്ട രൂപീകരണം<br>*വായനാക്കുറിപ്പ്<br>*വ്യക്തഗത രചന- സംഘരചന<br>*കുട്ടികളുടെ പൊതുവേദിയിലെ പ്രകടനങ്ങൾ. | | ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>പ്രസിദ്ധീകരണങ്ങൾ<br>പുസ്തകങ്ങൾ<br>ഐ.സി.ടി. | സന്നദ്ധ സംഘടനകൾ<br>ക്ലബുകൾ<br>SSA<br>DIET<br>BRC<br>അദ്ധ്യാപകർ<br>രക്ഷിതാക്കൾ<br>നാട്ടുകാർ<br>കലാ-കായിക അധ്യാപകർ |

# ഗണിതം

**ആമുഖം**

വസ്തുതകളെ സംഖ്യകളുപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക. എന്നതിനാണ് ഗണിത ശാസ്ത്രപഠനത്തിൽ പ്രധാനമായും ഊന്നൽ നൽകുന്നത്.ജീവിതത്തിൽ എല്ലാ മേഖലകളെയും ഗണിത ശാസ്ത്രപഠനം ചിന്തയെ തെളിമയുള്ളതാക്കുകയും വസ്തുകകളെ ശാസ്ത്രീയമായി അപഗ്രഥിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു. മറ്റു വിഷയങ്ങളുടെ പഠനത്തിൽ ഗണിതശാസ്ത്രം അവിഭാജ്യഘടകമായി മാറുകയും ചെയ്യുന്നുണ്ട്. അതുകൊണ്ടാണ് ഞങ്ങളുടെ വിദ്യാലയം സംഖ്യാബോധം ഉറപ്പിക്കൽ, ചതുഷ്ക്രിയകൾ ഉറപ്പിക്കൽ എന്നീ തനത് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ചെയ്യാൻ തീരുമാനിച്ചത്.

**ലക്ഷ്യങ്ങൾ**

- ❖ ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുന്നു.
- ❖ മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്നതിനാവശ്യമായ ഗണിത ശേഷികൾ നേടുന്നു.

- ❖ കുട്ടിയുടെ യുക്തി ചിന്ത വികസിപ്പിക്കുന്നു.
- ❖ വസ്തുതകളെ ഗണിതാശയങ്ങൾ ഉപയോഗപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവുണ്ടാകുന്നു.
- ❖ ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിൽ കുട്ടിയെ വളർത്തുവാൻ കഴിയുന്നു.
- ❖ അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിശദീകരിക്കുന്നതിനും കഴിയുന്നു.
- ❖ സർഗാത്മക ചിന്ത വളർത്താൻ സഹായിക്കുന്നു.
- ❖ ഗണിതപഠനത്തിൽ ഐ സി ടി സാധ്യതകൾ ഉപയോഗിക്കുവാൻ കഴിയുന്നു.

**മേഖല - ഗണിതം**

**<u>ഉപമേഖല</u>**

- സംഖ്യാവബോധം
- സംഖ്യാവ്യാഖ്യാനം
- അളവുകൾ
- നിർമ്മാണം
- ചതുഷ്ക്രിയകൾ
- പ്രശ്നാപഗ്രഥനം
- ശേഖരണം

**അക്കാദമിക പ്ലാൻ Short Term - ഗണിതം**

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (സംഖ്യാവബോധം) | വിവിധ വസ്തുക്കൾ (മഞ്ചാടി, മുത്തുകൾ, പുളിങ്കുരു, കമ്പുകെട്ടുകൾ,) ഉപയോഗിച്ചുകൊണ്ട് സംഖ്യാബോധം ഉറപ്പിക്കൽ. സംഖ്യാ കാർഡുകൾ, ചിത്ര കാർഡുകൾ പ്രയോജനപ്പെടുത്തൽ. അബാക്കസ്, സ്ഥാന വില പോക്കറ്റ് ഉപയോഗപ്പെടുത്തൽ, ആരോഹണ- അവരോഹണ പ്രവർത്തനങ്ങൾ. നിശ്ചിത വസ്തുക്കൾ എണ്ണിയെടുക്കൽ. നിശ്ചിത എണ്ണമുള്ള കൂട്ടങ്ങളാക്കൽ. വലുത്-ചെറുത്- കണ്ടെത്തൽ. | 3 Months | വിവിധ വസ്തുക്കളുടെ ശേഖരണം. ICT CD ചിത്രങ്ങൾ പാട്ടുകൾ കാർഡുകൾ, കഥ, കടങ്കഥകൾ, പസിൽസ്, അബാക്കസ്, സ്ഥാന വില, പോക്കറ്റ്, | PTA<br>BRC<br>SSA<br>രക്ഷിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | | മുന്നിൽ - പിന്നിൽ - ഇടയിൽ ഉള്ള സംഖ്യകൾ കണ്ടെത്തൽ, തിരിച്ചറിയൽ, എഴുതൽ. ഒരു നിശ്ചിത സംഖ്യ മുതൽ നിശ്ചിത സംഖ്യ വരെ തുടർച്ചയായി എണ്ണൽ, എഴുതൽ, സംഖ്യകളെ വ്യാഖ്യാനിക്കൽ. സംഖ്യാപാറ്റേൺ പൂർത്തിയാക്കൽ. സംഖ്യാപാറ്റേൺ, സ്വയം രൂപീകരിക്കൽ. നോട്ടുകൾ, നാണയങ്ങൾ പരിചയപ്പെടുത്തൽ ക്രിയകളിൽ ഏർപ്പെടൽ. | | ലൈബ്രറി പുസ്തകങ്ങൾ, കളി നോട്ടുകൾ, Original നോട്ട്, നാണയങ്ങൾ അവയുടെ ചിത്രങ്ങൾ | |
| 2 | നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നതിന്. | വിവിധ സാമഗ്രികൾ ഉപയോഗിച്ചുകൊണ്ട് വ്യക്തിഗതമായും ഗ്രൂപ്പായും നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. (ക്ലോക്ക്, വീടുകൾ, ജ്യാമിതീയ രൂപങ്ങൾ, അളവുപകരണങ്ങൾ.) | 3 Months | നിർമ്മാണത്തിനാവശ്യമായ വിവിധ വസ്തുക്കൾ. ICT പുസ്തകങ്ങൾ. പ്രവർത്തി പരിചയ അധ്യാപകരെ പ്രയോജനപ്പെടുത്തൽ. | രക്ഷിതാക്കൾ PTA SSG BRC Specialist അധ്യാപകർ |

**അക്കാദമിക പ്ലാൻ Mid Term - ഗണിതം**

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | കുട്ടികളിൽ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | നിത്യജീവിതവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളിലൂടെ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ, വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടും കളികളിലൂടെയും ചതുഷ്ക്രി.കൾ ഉറപ്പിക്കൽ. | 6 Months | വിവിധ വസ്തുക്കൾ, കടകൾ, സന്ദർശിക്കൽ, കളികൾ ICT ചിത്രങ്ങൾ | PTA BRC SSA Staff രക്ഷിതാക്കൾ. |

| | | | | | |
|---|---|---|---|---|---|
| | | | | പ്രകൃതി ഫീൽഡ് ട്രിപ്പ് | |
| 2 | കുട്ടികളിൽ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ. | നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി പ്രായോഗിക പ്രശ്നങ്ങൾ വിശകലന ചോദ്യങ്ങളുടെ സഹായത്തോടെ അപഗ്രഥിച്ച് നിർധാരണം ചെയ്യുന്നു. വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് ക്രിയകളിൽ വ്യക്തിഗതമായും ഗ്രൂപ്പായും ഏർപ്പെടുന്നു. കളികളിലൂടെയും, കഥ, പാട്ട് എന്നിവയിലൂടെയും പ്രശ്ന നിർധാരണം ചെയ്യുന്നു. | 8 Months | കഥകൾ, കളികൾ, ചിത്രങ്ങൾ, പുസ്തകങ്ങൾ, ചിത്രങ്ങൾ ICT വസ്തുക്കൾ, ഫീൽഡ്-ട്രിപ്പ്, അളവുപകരണങ്ങൾ | PTA BRC SSA Staff രക്ഷിതാക്കൾ. |

**അക്കാദമിക പ്ലാൻ Long Term – ഗണിതം**

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | കുട്ടികളിലെ ചതുഷ്ക്രിയകളിലുള്ള പിന്നോക്കാവസ്ഥ പരിഹരിക്കൽ. | വിവിധ വസ്തുക്കൾ, സംഖ്യാ കാർഡുകൾ, ചിത്രങ്ങൾ, പസിൽസ്, കഥകൾ, പാട്ടുകൾ, കടങ്കഥകൾ, കുസൃതി ചോദ്യങ്ങൾ, കളികൾ, ഫീൽഡ് ട്രിപ്പ് തുടങ്ങിയവ പ്രയോജനപ്പെടുത്തിക്കൊണ്ട് ചതുഷ്ക്രിയകൾ ചെയ്യാനുള്ള അവസരം നൽകുന്നു. ICT പ്രയോജനപ്പെടുത്തൽ. മറ്റ് അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തൽ. | 1 Year | സംഖ്യാ കാർഡുകൾ, ചിത്രങ്ങൾ, പസിൽസ്, കഥകൾ, പാട്ടുകൾ, കടങ്കഥകൾ, കുസൃതി ചോദ്യങ്ങൾ, കളികൾ, ഫീൽഡ് ട്രിപ്പ് | BRC SSG SSA DIET |

**തനതു പ്രവർത്തനം – ഗണിതം**

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | കുട്ടികളിൽ സംഖ്യാബോധം ഉറപ്പിക്കൽ. | വിവിധ വസ്തുക്കൾ (മഞ്ചാടി, മുത്തുകൾ, പുളിങ്കുരു, കമ്പുകെട്ടുകൾ,) ഉപയോഗിച്ചുകൊണ്ട് സംഖ്യാബോധം ഉറപ്പിക്കൽ. | 1 Year | വിവിധ വസ്തുക്കളുടെ ശേഖരണം. | BRC SSG SSA DIET |

| | | | | | |
|---|---|---|---|---|---|
| | | *സംഖ്യാ കാർഡുകൾ, ചിത്ര കാർഡുകൾ പ്രയോജനപ്പെടുത്തൽ.<br>*അബാക്കസ്, സ്ഥാന വില പോക്കറ്റ് ഉപയോഗപ്പെടുത്തൽ.<br>*ഡൈസ് കളി<br>*ആരോഹണ- അവരോഹണ പ്രവർത്തനങ്ങൾ.<br>*നിശ്ചിത വസ്തുക്കൾ എണ്ണിയെടുക്കൽ.<br>*നിശ്ചിത എണ്ണമുള്ള കൂട്ടങ്ങളാക്കൽ.<br>*പാമ്പും കോണിയും കളി<br>*വലുത്-ചെറുത്-* കണ്ടെത്തൽ.<br>*ഡോമിനോ കളി<br>*മുന്നിൽ – പിന്നിൽ<br>*സംഖ്യ ഏത്?<br>*ഇടയിൽ ഉള്ള സംഖ്യകൾ കണ്ടെത്തൽ, തിരിച്ചറിയൽ, എഴുതൽ.<br>*ഒരു നിശ്ചിത സംഖ്യ മുതൽ നിശ്ചിത സംഖ്യ വരെ തുടർച്ചയായി എണ്ണൽ, എഴുതൽ.<br>*സംഖ്യകളെ വ്യാഖ്യാനിക്കൽ.<br>*സംഖ്യാപാറ്റേൺ പൂർത്തിയാക്കൽ.<br>*സംഖ്യാപാറ്റേൺ, സ്വയം രൂപീകരിക്കൽ.<br>*നോട്ടുകൾ, നാണയങ്ങൾ പരിചയപ്പെടൽ.<br>*ക്രിയകളിൽ ഏർപ്പെടൽ.<br>* 'കളിപ്പെട്ടിയിലെ' സംഖ്യാബോധവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ നൽകുന്നു. | | (പുളിങ്കുരു, മഞ്ചാടി, കല്ല്, മുത്തുകൾ, കമ്പുകെട്ടുകൾ,പേപ്പർ പ്ലേയ്റ്റ്)<br>ICT<br>CD<br>ചിത്രങ്ങൾ, പാട്ടുകൾ, സംഖ്യാ കാർഡുകൾ, ചാർട്ട്, കഥ, ഡൈസുകൾ, കടങ്കഥകൾ, പസിൽസ്, അബാക്കസ് സ്ഥാന വില പോക്കറ്റ് ലൈബ്രറി പുസ്തകങ്ങൾ, കളിനോട്ടുകൾ, നാണയങ്ങൾ, അവയുടെ ചിത്രങ്ങൾ, പാമ്പും കോണിയും, തീപ്പെട്ടി തീവണ്ടി | |

| | | | | | |
|---|---|---|---|---|---|
| | | | | ഡോമിനോസെറ്റ് കലണ്ടർ. ICT | |
| 2 | കുട്ടികളിൽ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | നിത്യജീവിതവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ.... (കച്ചവടം, ഉത്സവച്ചന്ത, കൃഷി, ബസ് യാത്ര, പലചരക്കുകട, ടെക്സ്റ്റൈൽസ്)<br>*കളിനോട്ടുകൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളിലൂടെ പ്രശ്നം നിർധാരണം ചെയ്യുന്നു.<br>*വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള ഗുണനപ്പട്ടിക രൂപീകരണം.<br>*ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.<br>*വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ സങ്കലന ക്രിയകൾ ഉറപ്പിക്കൽ<br>*മനക്കണക്കിലൂടെ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ<br>*പകുതി എന്ന ആശയത്തെ വിവിധ സന്ദർഭങ്ങളുമായി ബന്ധപ്പെടുത്തി മനസ്സിലാക്കുന്നു. (കുപ്പിയിലെ വെള്ളം നീളത്തിന്റെ പകുതി, വസ്തുക്കളുടെ പകുതി)<br>*നീളം, ഭാരം, ഉള്ളളവ്, പണമിടപാട് എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നൽകിക്കൊണ്ട് ചതുഷ്ക്രിയകൾ ഉറപ്പിക്കൽ.<br>* വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് കൂട്ടങ്ങളാക്കൽ (സങ്കലനം, വ്യവകലനം ഉറപ്പിക്കൽ)<br>*ചിത്രീകരണത്തിലൂടെ സങ്ക | 1 Year | ഫീൽഡ് ട്രിപ്പ് കച്ചവടം നടത്തുന്നതിനാവശ്യമായ സാധന സാമഗ്രികൾ<br>കളിനോട്ടുകൾ<br>വിവിധ വസ്തുക്കൾ (മഞ്ചാടി, പുളിങ്കുരു, ഇലകൾ, പൂവുകൾ, കല്ല്, കമ്പുകെട്ടുകൾ,, മുത്തുകൾ, ഈർക്കിൽ)<br>വ്യത്യസ്ത വലുപ്പത്തിലുള്ള കുപ്പികൾ റിബണുകൾ, സ്ട്രിപ്പുകൾ | BRC<br>DIET<br>PTA<br>SSA<br>രക്ഷിതാക്കൾ<br>അധ്യാപകർ<br>Kite |

| | | | | | |
|---|---|---|---|---|---|
| | | ലന, വ്യവകലന പ്രവർത്തനങ്ങൾ നൽകുന്നു.<br>*വസ്തുക്കൾ ഉപയോഗിച്ചു കൊണ്ട് ആവർത്തന സങ്കലനത്തിലൂടെ ഗുണന ക്രിയകൾ ഉറപ്പിക്കുന്നു.<br>* വസ്തുക്കൾ ഉപയോഗിച്ചു കൊണ്ട് ആവർത്തന വ്യവകലനത്തിലൂടെ ഹരണ ക്രിയകൾ ഉറപ്പിക്കൽ.<br>* കളിപ്പെട്ടിയിലെ ചതുഷ്ക്രിയകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകുന്നു. | | അളവുപകരണങ്ങൾ (നീളം, ഭാരം, ഉള്ളളവ്)<br>ചിത്രങ്ങൾ | ICT കളിപ്പെട്ടി വിവിധ കളികൾ. |

## പരിസരപഠനം

**ആമുഖം**

പരിസരത്തെക്കുറിച്ച് ,പരിസരത്തിലൂടെ പരിസരത്തിനുവേണ്ടി പഠിക്കുന്നതാണ് പരിസരപഠനം. നിരീക്ഷിക്കൽ,വർഗ്ഗീകരിക്കൽ, അപഗ്രഥിച്ച് നിഗമനത്തിനെത്തൽ, ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ തുടങ്ങി നിരവധി പ്രക്രിയ ശേഷികളുടെ വികസനം പരിസരപഠനത്തിലൂടെ സാധ്യമാകണം. നമ്മുടെ പരിസരം,അവിടത്തെ സസ്യജന്തുജാലങ്ങൾ, വിഭവങ്ങൾ എന്നിവ നശിച്ചു പോകാതെയും മലിനപ്പെടാതെയും സൂക്ഷിക്കുവാൻ നിരന്തരം ശ്രദ്ധിക്കുന്ന ഒരു പരിസര സൗഹൃദ മനോഭാവം കുട്ടികളിൽ രൂപപ്പെടണം.

**ലക്ഷ്യങ്ങൾ**

- കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക.
- ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുകയും പ്രയോഗിക്കുകയും ചെയ്യുക.
- നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുക.
- പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക.
- പരിസ്ഥിതി സൗഹൃഹ മനോഭാവം വളർത്തുക.
- പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർവ്വമാക്കുക.
- പ്രകൃതിയിലെ പരസ്പരാശ്രയത്വംതിരിച്ചറിയുക.
- വ്യക്തിശുചിത്വവും സാമൂഹിക ശുചിത്വം പാലിച്ചു കൊണ്ട് ശാരീരിക -മാനസിക -സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക.

മേഖല - പരിസരപഠനം

<u>ഉപമേഖല</u>

- നിരീക്ഷണം.
- വർഗ്ഗീകരണം
- അപഗ്രഥനം
- നിഗമന രൂപീകരണം
- ലഘുപരീക്ഷണം
- ശേഖരണം
- അഭിമുഖം
- സർവ്വേ
- ലഘുപ്രൊജക്ടുകൾ

| അക്കാദമിക പ്ലാൻ Short Term - EVS | | | | | |
|---|---|---|---|---|---|
| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
| 1 | കുട്ടിയെ മികച്ച നിരീക്ഷകനാക്കൽ | *പ്രകൃതി നിരീക്ഷണം<br>*ചിത്ര നിരീക്ഷണം<br>*സിഡി പ്രദർശനം<br>*നിരീക്ഷണം<br>*വ്യത്യസ്ത പരീക്ഷണങ്ങൾ നിരീക്ഷണങ്ങൾ<br>*നിഴൽ നിരീക്ഷണം | 2 to 3 Months | പ്രകൃതി<br>CD<br>ചിത്രങ്ങൾ<br>പരീക്ഷണ സാമഗ്രികൾ<br>ICT<br>ലെൻസ് | BRC<br>SSA<br>DIET<br>PTA<br>SSG<br>MPTA |

| അക്കാദമിക പ്ലാൻ Mid Term - EVS | | | | | |
|---|---|---|---|---|---|
| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
| 1 | താരതമ്യം ചെയ്യാനും വർഗ്ഗീകരിക്കാനുമുള്ള ശേഷി ആർജ്ജിക്കൽ | *സസ്യങ്ങൾ, ജീവജാലങ്ങൾ, വാഹനങ്ങൾ, വസ്തുക്കൾ, ജൈവം, അജൈവം, തുടങ്ങിയ വിവിധ മേഖലകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ താരതമ്യം ചെയ്യൽ. നൽകിയ മാനദണ്ഡം അനുസരിച്ച് ർഗീകരിക്കൽ<br>*മാനദണ്ഡം സ്വയം കണ്ടെത്തി വർഗീകരിക്കൽ | 6 Months | ചുറ്റുപാടുമുള്ള വസ്തുക്കൾ,സസ്യങ്ങൾ, ജീവജാലങ്ങൾ, വാഹനങ്ങൾ<br>ICT<br>ചിത്രങ്ങൾ<br>CD<br>പുസ്തകങ്ങൾ<br>ലൈബ്രറി<br>പത്രങ്ങൾ | BRC<br>SSA<br>DIET<br>PTA |

| | | | | | |
|---|---|---|---|---|---|
| 2 | സർവ്വേ ലഘു പ്രോജക്ടുകൾ എന്നിവ ചെയ്യൽ. | *ശുചിത്വം (പരിസരം, വ്യക്തി, വീടുകൾ, പൊതു സ്ഥാപനങ്ങൾ)<br>*സാംക്രമിക രോഗങ്ങൾ<br>*പൊതു സ്ഥാപനങ്ങളുടെ ചരിത്രം തയ്യാറാക്കൽ<br>*മഴ അളക്കൽ<br>*കൃഷി – ഘട്ടങ്ങൾ | 6 Months | ആരോഗ്യ പ്രവർത്തകരെ പ്രയോജനപ്പെടുത്തൽ.<br>മഴ – മഴമാപിനി | നാട്ടുകാർ PTA |

**അക്കാദമിക പ്ലാൻ Long Term - EVS**

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ശാസ്ത്ര അഭിരുചി വളർത്തൽ (പരീക്ഷണ നിരീക്ഷണങ്ങൾ) (അപഗ്രഥന നിഗമന നിഗമന രൂപീകരണ) | *ലഘു സാമഗ്രികൾഉപയോഗിച്ചുകൊണ്ട് പരീക്ഷണങ്ങൾ സ്വയം രൂപകൽപ്പന ചെയ്യൽ.<br>*പരീക്ഷണങ്ങൾ വ്യക്തിഗതമായും ഗ്രൂപ്പായും ചെയ്യൽ<br>*മറ്റ് അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തൽ.<br>*ICT സാധ്യതകൾ പ്രയോജനപ്പെടുത്തികൊണ്ട് പരീക്ഷണങ്ങൾ കാണിക്കൽ.<br>*അപഗ്രഥിച്ച് നിഗമനത്തിലെത്തിക്കൽ. | 1 Year | ICT പരീക്ഷണത്തിനാവശ്യമായ വിവിധ വസ്തുക്കൾ, മഴമാപിനി പുസ്തകങ്ങൾ ലൈബ്രറി | DIET SSA BRC PTA |
| 2 | ശേഖരണത്തിൽ അഭിരുചി വളർത്തൽ | *തൂവൽ, മണ്ണ്, വിത്തുകൾ, ഇല. കൂടുകൾ, വീടുകൾ പഴയകാല പുതിയകാല ഉപകരണങ്ങൾ, വേരുകൾ, ചിത്രങ്ങൾ, കലാരൂപങ്ങൾ. | 1 Year | ICT പുസ്തകങ്ങൾ ലൈബ്രറി ആൽബം പ്രകൃതി | MPTA നാട്ടുകാർ PTA |
| 3 | അഭിമുഖം | *സ്വാതന്ത്ര്യ സമര സേനാനികൾ<br>*കൃഷിക്കാർ<br>*പൊതു സ്ഥാപനം സന്ദർശിക്കൽ– അനുമതി<br>*ആരോഗ്യപ്രവർത്തകരുമായുള്ള അഭിമുഖം. | 6 Months | സ്വാതന്ത്ര്യ സമര സേനാനികൾ കൃഷിക്കാർ സ്ഥാപന മേധാവികൾ | നാട്ടുകാർ PTA SSG |

# തനത് പ്രവർത്തനം - പരിസരപഠനം

**ആമുഖം**

പ്രകൃതിയിലേക്ക് മടങ്ങുക, പ്രകൃതിയുമായി പൊരുത്തപ്പെട്ടു ജീവിക്കുക എന്ന കാഴ്ചപ്പാട് ലോകമെമ്പാടും സ്വീകാര്യമായി വരുന്ന ഇക്കാലത്ത് രോഗചികിത്സ യിലും, ആരോഗ്യപരിപാലനരംഗത്തും പ്രകൃതിജന്യ വസ്തുക്കളുടെ പ്രത്യേകിച്ച് ഔഷധസസ്യങ്ങളുടെ ഉപയോഗം കൂടുതൽ വ്യാപകമായി വരുകയാണ്. സസ്യസമ്പ ത്തിലധിഷ്ഠിതമായിട്ടുള്ള ചികിത്സാവിധിയായ ആയുർവേദത്തിനും അതുപോലുള്ള മറ്റു ഭാരതീയ ചികിത്സരീതികളിലും ഉണ്ടായിട്ടുള്ള വൻപ്രചാരം ഈ മേഖലയെ കൂടു തൽ വ്യാവസായീകൃതമാക്കി മാറ്റി.എന്നാൽ ഔഷധ സസ്യങ്ങളുടെ ആവശ്യകത വർദ്ധിക്കുന്നതിനനുസരിച്ച് ലഭ്യത വർദ്ധിക്കുന്നില്ല എന്നും തന്നെയുമല്ല ഉള്ളവ പാടെ നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു.

നമുക്കു ചുറ്റുമുള്ള സസ്യലോകം കൗതുകം നിറഞ്ഞതാണ്. നാം അറിയു ന്നതും അറിയാത്തതുമായ ഒട്ടേറെ സസ്യങ്ങൾ നമുക്കു ചുറ്റുമുണ്ട്. തന്റെ ചുറ്റുപാ ടിലെ സസ്യങ്ങളെ നിരീക്ഷിക്കാനും പ്രത്യേകതകൾ കണ്ടെത്താനും കൗതുകങ്ങൾ ആസ്വദിക്കാനും അതുവഴി സസ്യങ്ങളെ അടുത്തറിയാനും കുട്ടിക്ക് അവസരം ഒരുക്കി കൊടുക്കേണ്ടതുണ്ട്.ഔഷധസസ്യങ്ങളുടെ തനത് ആവാസവ്യവസ്ഥകൾ അപകടക രമാം വിധം ശോഷിച്ചു കൊണ്ടിരിക്കുന്ന ഈ അവസ്ഥയിൽ അവയുടെ സർവ്വ തോൻമുഖമായ പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായാണ് ഞങ്ങളുടെ വിദ്യാലയം ഈ തനത് പ്രവർതത്നം ഏറ്റെടുത്ത് ചെയ്യാൻ തയ്യാറായത്.

**ലക്ഷ്യങ്ങൾ**

1. ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് പേരുകൾ രേഖപ്പെടുത്തുന്നു.
2. സസ്യങ്ങളെ നിരീക്ഷിച്ച് അവയുടെ പ്രത്യേകതകൾ കണ്ടെത്തി തരംതിരി ക്കുന്നു.
3. സസ്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിയാനും സംര7ണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും കഴിയുന്നു.
4. സസ്യങ്ങളുടെ പ്രയോജനങ്ങൾ തിരിച്ചറിയുന്നു.
5. സസ്യങ്ങൾ നട്ടുവളർത്തേണ്ട ആവശ്യകത ബോധ്യപ്പെടുത്തുന്ന പ്രവർത്തന ങ്ങളിൽ പങ്കാളികളാവുന്നു.
6. ഔഷധ സസ്യങ്ങളുടെ പ്രാധാന്യവും ഉപയോഗവും തിരിച്ചറിയുന്നു.

| തനതു പ്രവർത്തനം - പരിസര പഠനം | | | | | |
|---|---|---|---|---|---|
| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
| 1 | കുട്ടികളുടെ | ചുറ്റുപാടുമുള്ള സസ്യങ്ങ | | പ്രകൃതി | PTA |

| | | | | | |
|---|---|---|---|---|---|
| | പങ്കാളിത്ത ത്തോടെ ഔഷധ സസ്യ ങ്ങളുടെ പുന രുജ്ജീവനം. | ളുടെ പേര് ലിസ്റ്റ് ചെയ്യൽ. നിരീക്ഷിച്ച സസ്യങ്ങളെ പ്രത്യേകതകൾക്കനുസരിച്ച് പട്ടികപ്പെടുത്തൽ, കുറിപ്പ് തയ്യാറാക്കൽ. തൈ നടൽ സാമ്യവ്യത്യാസങ്ങൾ കണ്ടെത്തി സസ്യങ്ങളെ വർഗ്ഗീകരിക്കൽ. വിദ്യാലയത്തിൽ സസ്യങ്ങൾ വച്ചുപിടിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ഫീൽഡ് ട്രിപ്പ് (സ്വാമിനാഥൻ ഫൗണ്ടേഷൻ) ഔഷധ സസ്യങ്ങൾ തിരിച്ചറിയൽ. ഔഷധ സസ്യങ്ങളുടെ ഉപയോഗം മനസ്സിലാക്കൽ. അഭിമുഖം മനസ്സിലാക്കൽ അഭിമുഖം (നാട്ടുവൈദ്യൻ, കൃഷി ശാസ്ത്രജ്ഞൻ) സസ്യങ്ങളുടെ നെയിം ബോർഡ് സ്ഥാപിക്കൽ, ക്ലബ് പ്രവർത്തനങ്ങൾ. | 1 Year | CD<br>ICT<br>വിവിധ നഴ്സറികൾ<br>എം.എസ്. സ്വാമിനാഥൻ<br>PTA<br>SSG<br>MPTA<br>നാട്ടുകാർ<br>ഇന്റർനെറ്റ്<br>കൃഷി ശാസ്ത്രജ്ഞൻ<br>കൃഷിഭവൻ<br>നാട്ടുവൈദ്യൻ<br>ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്. | SSG<br>MPTA<br>നാട്ടുകാർ<br>അദ്ധ്യാപകർ<br>Research Foundation<br>SSA |

## ENGLISH

| LEARNING OBJECTIVES | Sl.No |
|---|---|
| • Solving English language related problems.<br>• Special consideration for backward students. (Learning Outcomes)<br>• Making meaningful sentences through a game.<br>• Reads names of animals and birds | June to Aug<br><br>Nov.10Dec |
| • To make the children to make the children a good writer in English. (Learning outcomes)<br>• Reading simple stories<br>• Add more lines to the poem<br>• Reads and enjoys poems<br>• Describe pictures | **Mid Term**<br>6 months |
| • To make pupils speak effectively in | **Long Term** |

| | |
|---|---|
| english (Learning outcomes)<br>• Construnents dialogues appropriate to the context.<br>• Describe pictures<br>• Given instructions meaningfully | June to March |

| Sl.No | Programme | Activity | Duration | Phisical ഭൗതികം | Help പിന്തുണ |
|---|---|---|---|---|---|
| 1 | **English**<br>ഭാഷാപരമായ പിന്നോക്കാ വസ്ഥ പരിഹരി ക്കുന്നു.<br>(Solving english language related problems)<br><br>special consideration for backward students | Class library<br>School library<br>Childrens day activities<br>Day celebrations<br>Reading english papers and magazines.<br>CD,ICT usage<br>Word Card<br>Picture card<br>Simple Teachers talks | <u>Short Term</u><br><br>June to August<br><br>November to December | Short Story Books<br><br>Charts<br><br>Word Cards<br><br>Worksheet | Teachers<br><br>BRC<br><br>Diet<br><br>PTA<br><br>Teachers<br>PTA<br>SSG |
| | Making a meaningful sentences through a game.<br><u>Learning outcomes</u><br>Reads names of animals and birds | Using different picture stripes of animals and words.<br>Tr. Places a world bank in the middle of the class room.<br>Takes one card from the bank and go near to the animal or bird asks it to say a meaningful. | <u>Short Term</u><br><br>January to February<br><br>November to December | Worksheet<br><br>Portfolio | Teachers<br><br>PTA<br><br>SSG |
| 2 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക.<br>(Make the child good writer)<br><u>Learning & objectives</u><br>To make children a good writer in English<br><u>Learning Outcomes</u> | ക്ലാസ് ലൈബ്രറി ഉപയോഗം<br>സ്കൂൾ ലൈബ്രറി ഉപയോഗം<br>Prepare reading notes<br>Add more lines to a poem<br>Prepare an appreciation (വ്യക്തിഗതം രചന)<br>Individual writing<br>Group writing (സംഘ രചന) | Mid Term 6 Months | (Library) ലൈബ്രറി<br><br>Books | BRC<br>DIET<br><br>SCERT<br>PTA |

| | | | | | |
|---|---|---|---|---|---|
| | Read sample shows<br>Add more lines to the poem<br>Ready and enjoys poems<br>Describe pictures | Story writing<br>Give headlines<br>Read more simple stories<br>Exhibition of writings | | Biographycs<br>Photos<br>Books<br>CD | BRC<br>PTA |
| 3 | Communicative English Programme<br><u>Learning Objectives</u><br>To make pupils to speak respectively in English<br>Learning Outcomes<br>Construct Dialogues appropriate to the context.<br>Describes Pictures<br>Gives instructions meaningfully | Self introduction<br>Asks children to introduce himself<br>Tr.helps what is your name where do you belong to etc.<br>Meeting others<br>Children meets other children.<br>Hi I'm Salman<br>Who are you ? etc.<br><u>Conditions on interviews</u><br>Interviews others using simple questions (eg. To a post master) Shop keeper etc.<br><u>Teacher talks</u><br>Tr. Interacts Children with simple teacher talks. | <u>LongTerm</u><br><br>June to March | Showing vedios of different style of meeting people.<br><br>Charts showing vedios of different interviews.<br><br>Charts<br>Word Cards<br>Picture cards<br>Books<br>Photos<br>CDs etc. | Computer Lab<br>BSR<br>DIET<br><br>PTA<br><br>Teachers Computer Lab<br><br>Post Office<br>Milk Society<br><br>Teaachers and Children. |

## അറബി

**ആമുഖം**

അറബിയിൽ ഒരു വർഷത്തേക്കുള്ള തനതുപ്രവർത്തനങ്ങൾ കുട്ടികളെ അറബി സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കാൻ വേണ്ടി വിവിധമായ പ്രവർത്തനങ്ങൾ ചെയ്യാൻ തീരുമാനിച്ചു.

**ലക്ഷ്യങ്ങൾ**

- അറബിഭാഷ പഠിക്കുന്നതുകൊണ്ട് അറിവ്, ശേഷികൾ, മനോഭാവങ്ങൾ,മൂല്യ ങ്ങൾ എന്നിവ കുട്ടിയിൽ രൂപപ്പെടുത്തുന്നു.

- അറബി ഭാഷ പ്രയാസം കൂടാതെ സംസാരിക്കാനുള്ള കഴിവ് നേടുക.

**മേഖല - അറബി**

**ഉപമേഖല**

- വായന
- ലേഖനം
- സർഗ്ഗാത്മകത
- ശേഖരണം

| **അക്കാദമിക പ്ലാൻ Short Term – അറബിക്** | | | | | |
|---|---|---|---|---|---|
| **Sl.No** | **Programme** | **Activity** | **Duration** | **ഭൗതികം** | **പിന്തുണ** |
| 1 | അറബി ഭാഷാ പരമായ പിന്നോക്കാ വസ്ഥ പരിഹരി ക്കൽ. | അക്ഷരം ഉറപ്പിക്കൽ അക്ഷരപ്പാട്ടുകൾ പദങ്ങൾ പൂരിപ്പിക്കൽ വലുപ്പത്തിലും, കളറിലും അക്ഷര ചാർട്ടുകൾ പ്രദർശി പ്പിക്കുക. വിവിധതരം കള റുകൾ ഉപയോഗിക്കണം. അക്ഷരം വെട്ടിക്കൊണ്ടുവരു ക. വ്യക്തമായി അക്ഷരം പറഞ്ഞുകൊടുക്കുക. വാക്കുകൾ നിർമ്മിക്കുന്നു. ചിത്രങ്ങൾ കൊടുക്കുന്നു. വാക്കുകൾ അറബിയിൽ പറ യൽ, ICT ൽ ചിത്രങ്ങൾ കാണിക്കുന്നു. വായന കാർഡുകൾ കൊടുക്കുന്നു. അക്ഷരം ചേർത്തുവെച്ചു വായിക്കുന്നു. | 2 Months<br><br>August Septembe r | പുസ്ത കങ്ങൾ<br><br>CD<br>ICT | BRC<br>DIET<br>SCERT<br>PTA<br><br>BRC<br>IED<br>Trainer<br>PTA |

| **അക്കാദമിക പ്ലാൻ Mid Term – അറബിക്** | | | | | |
|---|---|---|---|---|---|
| **Sl.No** | **Programme** | **Activity** | **Duration** | **ഭൗതികം** | **പിന്തുണ** |
| 1 | കുട്ടിയെ മികച്ച അറബി വായന ക്കാരനാ ക്കുന്നു. | *വായന കാർഡുകൊടുത്തു കൊണ്ട് സ്വതന്ത്രമായി വായിക്കാൻ സമയം ഒരു ക്കുന്നു.<br>*വായനാമൂല, ക്ലാസ് ലൈബ്രപറി രൂപീകരിക്കൽ.<br>*കഥബുക്ക് അറബി ചിത്ര കഥ മാസികകൾ.<br>*വായനോത്സവം- സംഘടിപ്പിക്കൽ. | 6 Months | ക്ലാസ് ലൈബ്രറി<br><br>സ്കൂൾ ലൈബ്രറി<br><br>വായനാ മുറി<br>പദ ചാർട്ടു | BRC<br>DIET<br>SCERT<br>PTA<br><br>BRC |

| | | | | | |
|---|---|---|---|---|---|
| | | *ദിനാചരണങ്ങൾ<br>*വായനാനുഭവം പങ്കുവെയ്ക്കൽ,<br>*വായനകുറിപ്പ്<br>*പതിപ്പ്, വിദ്യാരംഗം, കലാ സാഹിത്യവേദി പ്രവർത്തനം വായന സാമഗ്രികൾ വികസിപ്പിക്കൽ. | | കൾ<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ<br>CD<br>ICT | |

## അക്കാദമിക പ്ലാൻ Mid Term – അറബിക്

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യക . കണ്ടെത്തുന്നു. | *ദിനാചരണങ്ങൾ<br>*ദിനാഘോഷങ്ങളുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം, വായ, മത്സരം, പ്രസംഗ മത്സരം സംഘടിപ്പിക്കൽ. | 1 Year | | BRC |
| 2 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുന്നു. | എഴുത്തുകൂട്ടം രൂപീകരണം. ചുമർ പത്രിക, പതിപ്പ്, വ്യക്തിഗത രചന, സംഘരചന, കഥ, കവിത നിർമ്മിക്കൽ,<br>പദ നിർമ്മാണം. | 1 Year | ഫോട്ടോകൾ<br>CD | PTA<br>Teachers |
| | കുട്ടികളിൽ അറബി സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കുന്നു. | വിവിധ മാർഗ്ഗങ്ങൾ.<br>ICT മേഖല<br>ക്ലാസ്സിൽ സംസാരിക്കുന്നു. കുട്ടികളോട് അറബി ഭാഷ സംസാരിക്കുന്നു. CD കേൾപ്പിക്കുന്നു. ദിവസവും വാചകങ്ങൾ എഴുതാൻ മലയാളത്തിൽ കൊടുക്കുന്നു. | 1 Year | CD<br>ക്ലാസ്സിൽ നിരന്തരമായി ഉപയോഗിക്കുന്ന ചാർട്ടുകൾ.<br>ഡിക്ഷ്നറി, കഥ ബുക്ക് | PTA<br>SRG<br>MMTP<br>നാട്ടുകാർ അധ്യാപകർ<br>SSA |